പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2663 | 18.06.2018-ൽ മറുപടിക്ക്

## ആനക്കയം പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ ആനക്കയം പാലം നിർമ്മിക്കുവാൻ 2006 -11 സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് വകയിരുത്തിയിരുന്നത് എന്ന് വ്യക്തമാക്കാമോ;അനുവദിച്ച തുകയുടെ എ.എസ്. ഇപ്പോൾ നിലവിൽ ഉണ്ടോ എന്ന് വിശദമാക്കാമോ; | (എ) ആനക്കയം പാലം നിർമ്മിക്കുന്നതിന് വേണ്ടി 04.03.2014-ലെ G.O(Rt)No. 371/2014/PWD പ്രകാരം 17.50 കോടി രൂപയുടെ ഭരണാനുമതിയായിരുന്നു നൽകിയത്. ഭരണാനുമതിയുടെ കാലാവധി 03.03.2016-ൽ അവസാനിച്ചു. |
| (ബി). വനം വകുപ്പിന്റെ എതിർപ്പ് മൂലമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാകാതിരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിലെ സാങ്കേതിക തടസ്സം മൂലമാണ് പ്രവൃത്തി നടപ്പിലാകാതിരുന്നത്. |
| (സി). നിർദ്ദിഷ്ട ആനക്കയം പാലത്തിന് ഏതാനും മീറ്ററുകൾ മാത്രം താഴെയായി ബംഗ്ലാകടവിൽ ഫോറസ്റ്റ് ഭൂമി ഉപയോഗിക്കാതെ പുതിയ പാലം നിർമ്മിക്കുവാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ബംഗ്ളാവ് കടവിൽ പാലം നിർമ്മിക്കുന്നതിന് വടാട്ടുപാറ ഭാഗത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ആവശ്യമാണ്. |
| (ഡി) 2018-19 വർഷത്തെ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള ബംഗ്ലാകടവ് പാലത്തിന് വേണ്ടി, മുൻപ് ആനക്കയം പാലം നിർമ്മാണത്തിന് അനുവദിച്ച എ.എസ്. മാറ്റി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

S. Bindu

സെക്ഷൻ ഓഫീസർ